LIBRARY ARCHIVES Kerala Legislative Assembly

സബ് രജിസ്ട്രാർ ഓഫീസ് പുതുതായി ആരംഭിക്കുന്നതിന് നിലവിലുള്ള മാനദണ്ഡം

110 [669] ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതുതായി സബ് രജിസ്ട്രാർ ഓഫീസ് തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) സബ് രജിസ്ട്രാർ ഓഫീസ് പുതുതായി ആരംഭിക്കുന്നതിന് നിലവിലുള്ള മാനദണ്ഡമെന്താണെന്ന് വെളിപ്പെടുത്തുമോ ;

(സി) പാലക്കാട് ജില്ലയിൽ കുഴൽമന്ദം മണ്ഡലത്തിൽപ്പെട്ട കോട്ടായി കേന്ദ്രീകരിച്ച് സബ് രജിസ്ട്രാർ ഓഫീസ് തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ഡി) എങ്കിൽ ഇത് സംബന്ധിച്ചുള്ള വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ–ഡി) പൊതുജനങ്ങളിൽ നിന്നും ജന പ്രതിനിധികളിൽ നിന്നും സർക്കാരിന് ലഭിക്കുന്ന നിവേദനങ്ങളിലെ ആവശ്യം കണക്കിലെടുത്ത് റവന്യൂ അധികാരികളുടെ അഭിപ്രായത്തിന്റെ വെളിച്ചത്തിൽ സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കൂടി കണക്കിലെടുത്ത് പുതുതായി സബ് രജിസ്ട്രാർ ഓഫീസുകൾ അനുവദിക്കുന്നതാണ് നടപടിക്രമം. പുതിയ ആഫീസുകൾ തുടങ്ങാൻ ഇപ്പോൾ ഉദ്ദേശമില്ല.

വിജിലൻസ് റെയ്ഡ് നടത്തിയിട്ടുള്ള സബ് രജിസ്ട്രാർ ഓഫീസുകൾ

111 [670] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ എത്ര സബ് രജിസ്ട്രാർ ഓഫീസുകളിൽ വിജിലൻസ് റെയ്ഡ് നടത്തിയിട്ടുണ്ടെന്നും ആഫീസുകൾ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ ;

(ബി) വിജിലൻസ് റെയ്ഡിൽ എത്ര ഉദ്യോഗസ്ഥന്മാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും നടപടിക്ക് വിധേയരായ എത്ര ഉദ്യോഗസ്ഥന്മാരെ സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ ;

(സി) സബ് രജിസ്ട്രാർ ഓഫീസുകളിലെ പ്രവർത്തനം കൂടുതൽ ജനോപകാര പ്രദമാക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 29 സബ് രജിസ്ട്രാർ ഓഫീസുകളിൽ വിജിലൻസ് റെയ്ഡ് നടത്തിയിട്ടുണ്ട്. അവയുടെ വിവരം ചുവടെ ചേർക്കുന്നു :

ജില്ല	എണ്ണം	സ്ഥലം
തിരുവനന്തപുരം	1	പട്ടം സബ് രജിസ്ട്രാർ ഓഫീസ്.
കൊല്ലം	2	കിളികൊല്ലൂർ സബ് രജിസ്ട്രാർ ഓഫീസ്. കുണ്ടറ സബ് രജിസ്ട്രാർ ഓഫീസ്.
ആലപ്പുഴ	1	സബ് രജിസ്ട്രാർ ഓഫീസ്, ആലപ്പുഴ.
കോട്ടയം	2	കോട്ടയം (അഡീഷണൽ) സബ് രജിസ്ട്രാർ ഓഫീസ്. കോട്ടയം (പ്രിൻസിപ്പൽ) സബ് രജിസ്ട്രാർ ഓഫീസ്.
പത്തനംതിട്ട	2	കോഴഞ്ചേരി സബ് രജിസ്ട്രാർ ഓഫീസ്. തിരുവല്ല സബ് രജിസ്ട്രാർ ഓഫീസ്.
ഇടുക്കി	2	കാരിക്കോട് സബ് രജിസ്ട്രാർ ഓഫീസ്. തൊടുപുഴ സബ് രജിസ്ട്രാർ ഓഫീസ്.
എറണാകുളം	4	എറണാകുളം സബ് രജിസ്ട്രാർ ഓഫീസ്. ഇടപ്പള്ളി സബ് രജിസ്ട്രാർ ഓഫീസ്. അങ്കമാലി സബ് രജിസ്ട്രാർ ഓഫീസ്. പെരുമ്പാവൂർ സബ് രജിസ്ട്രാർ ഓഫീസ്.
തൃശ്ശൂർ	2	തൃശ്ശൂർ സബ് രജിസ്ട്രാർ ഓഫീസ്. വടക്കുംകര സബ് രജിസ്ട്രാർ ഓഫീസ്.
പാലക്കാട്	3	പാലക്കാട് സബ് രജിസ്ട്രാർ ഓഫീസ്. ആലത്തൂർ സബ് രജിസ്ട്രാർ ഓഫീസ്. ചിറ്റൂർ സബ് രജിസ്ട്രാർ ഓഫീസ്.
മലപ്പുറം	4	മഞ്ചേരി സബ് രജിസ്ട്രാർ ഓഫീസ്. എടക്കര സബ് രജിസ്ട്രാർ ഓഫീസ്. പെരിന്തൽമണ്ണ സബ് രജിസ്ട്രാർ ഓഫീസ്. നിലമ്പൂർ സബ് രജിസ്ട്രാർ ഓഫീസ്.
കോഴിക്കോട്	2	ചേവായൂർ സബ് രജിസ്ട്രാർ ഓഫീസ്. കക്കട്ടിൽ സബ് രജിസ്ട്രാർ ഓഫീസ്.
കണ്ണൂർ	2	കാടാച്ചിറ സബ് രജിസ്ട്രാർ ഓഫീസ്. മട്ടന്നൂർ സബ് രജിസ്ട്രാർ ഓഫീസ്.
കാസർഗോഡ്	2	നീലേശ്വരം സബ് രജിസ്ട്രാർ ഓഫീസ്. കാസർഗോഡ് സബ് രജിസ്ട്രാർ ഓഫീസ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിജിലൻസ് റെയ്ഡിൽ 55 ഉദ്യോഗസ്ഥർക്കെതിരെ സസ്പെൻഷൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിൽ 51 പേരെ തിരികെ സർവ്വീസിൽ പ്രവേശിപ്പിക്കുക ഉണ്ടായി. സസ്പെന്റ് ചെയ്യപ്പെട്ടവരും അല്ലാത്തവരുമായവർക്കെതിരെയുള്ള മറ്റ് നടപടികൾ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(സി) കമ്പ്യൂട്ടർവൽക്കരണം തുടർന്നുകൊണ്ടും ഭരണ നവീകരണ പദ്ധതി നടപ്പിലാക്കിയും സബ് രജിസ്ട്രി ഓഫീസുകളുടെ പ്രവർത്തനം ജനോപകാരപ്രദമാക്കാൻ ഉദ്ദേശിക്കുന്നു.

ആലുവ സബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം

112 [671] ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലുവ സബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം വെളിപ്പെടുത്താമോ ;

(സി) നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തി ഈ വർക്കിന് അടിയന്തിരമായി ഭരണാനുമതി നൽകുന്നതിന് തയ്യാറാകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതിക്കായുള്ള വകുപ്പദ്ധ്യക്ഷന്റെ പ്രപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

ഇട്ടിവാ പഞ്ചായത്തിൽ സബ് രജിസ്ട്രാർ ഓഫീസ് ആരംഭിക്കാൻ നടപടി

113 [672] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്ന് പഞ്ചായത്തുകൾക്കായുള്ള ചടയമംഗലം സബ് രജിസ്ട്രാർ ഓഫീസ് വിഭജിച്ച് ഇട്ടിവാ പഞ്ചായത്തിൽ കോട്ടുക്കൽ ഒരു സബ് രജിസ്ട്രാർ ഓഫീസ് ആരംഭിക്കണമെന്ന നിവേദനം പരിഗണനയിലുണ്ടോ ;

(ബി) ഇല്ലെങ്കിൽ അടുത്ത സാമ്പത്തിക വർഷം അത് പരിഗണിക്കപ്പെടാൻ നടപടി സ്വീകരിക്കുമോ ;

(സി) ചടയമംഗലം, കടയ്ക്കൽ, ചിതറ സബ് രജിസ്ട്രാർ ഓഫീസുകൾ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിനായി എത്ര ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട് ;

(ഡി) ചടയമംഗലം സബ് രജിസ്ട്രാർ ഓഫീസിന്റെ ചോർന്ന് നനയുന്ന ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പുതിയ കെട്ടിടം പണിയാൻ ബഡ്ജറ്റിൽ തുക വകയിരുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly